# റവ.ഡോ.ഗീവർഗീസ് പണിക്കർ ദിവംഗതനായി

മലങ്കര കത്തോലിക്കാ സഭയിലെ സീനിയർ വൈദീകരിലൊരാളും,മാർ ഈവാനിയോസ് കോളേജ് മുൻ പ്രിൻസിപ്പലുമായ റവ.ഡോ.ഗീവർഗീസ് പണിക്കർ ഇന്നു രാവിലെ (28.12.2008)ദിവംഗതനായി.കർമ്മ ഭൂമിയിൽ തന്റെ ഓട്ടം പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പണിക്കരച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാജ്ജലികളർപ്പിച്ചു കൊണ്ട് അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

കോട്ടയം സെന്റ് എഫ്രേം എക്യമെനിക്കൽ റിസേർച്ച് സെന്ററിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്ന പണിക്കരച്ചൻ ദീർഘനാളായി രോഗാവസ്ഥയിലായിരുന്നു.മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ എന്ന നിലയിൽ കേരളത്തിലെ രാഷ്ട്രിയ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ ഒട്ടനവധി പ്രഗൽഭ വ്യക്തികളെ സംഭാവന ചെയ്ത പണിക്കരച്ചൻ വലിയ ഒരു ശിഷ്യസമൂഹത്തിന്റെ ഉടമയും ആയിരുന്നു.ആത്മീയ ഗുരു,വിദ്യാഭ്യാസ വിചക്ഷണൻ,പ്രഭാഷകൻ,വാഗ്മി,എന്നീ നിലകളിൽ തിളങ്ങിയ പണിക്കരച്ചൻ അമൂല്യങ്ങളായ പല പുസ്തകങ്ങളും രചിച്ചിട്ടുണ്ട്.തിരുവനന്തപ്പുരം മേജർ സെമിനാരി റെക്ടർ ആയും സേവനം ചെയ്തിട്ടുള്ള പണിക്കരച്ചൻ മാർ ഈവാനിയോസ് പിതാവിന്റെ തറവാടായ പണിക്കരുവീട്ടിൽ കുടുംബാംഗമാണ്.അച്ചന്റെ വേർപാട് സഭയ്ക്കും സമൂഹത്തിനും തീരാ നഷ്ടം തന്നെയാണ്.

ബഹു.ഗീവർഗിസ് പണിക്കരച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളോടും,രൂപതയോടും,സഭയോടും ഒപ്പം കുവൈറ്റിലെ മലങ്കര സമൂഹം (കെ.എം.ആർ.എം) ഒന്നായി പങ്കുചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

കെ.എം.ആർ.എം സെക്രട്ടറി.

**31.12.2008** വൈകിട്ട് 7.30ന് സിറ്റീ കത്തിഡ്രൽ റൂം നമ്പർ 9–ൽ വി.കുർബാനയും,ധൂപപ്രാർഥനയും ഉണ്ടായിരിക്കുന്നതാണ്.